**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **30-07-2021 - ൽ മറുപടിയ്ക്ക്**

**കിർത്താഡ്സിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് കിർത്താഡ്സിന്റെ പ്രവർത്തന ലക്ഷ്യങ്ങളെന്തെല്ലാമാണ്; | (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കല, സംസ്കാരം, ജീവിതരീതി, വിദ്യാഭ്യാസം, മറ്റുമേഖലകളിലെ പുരോഗതി, വിഭവങ്ങളുടെ അന്യവൽക്കരണം, ദൈനംദിന ജീവിത പ്രശ്നങ്ങൾ, ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചു വരുന്ന ഉദ്യോഗസ്ഥൻമാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കും നേതാക്കൾക്കും സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചു വരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും, പട്ടികവർഗ്ഗ യുവാക്കൾക്ക് വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക, വികസന പദ്ധതികൾ എത്ര കണ്ട് അവർക്ക് പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, |

| | | | |
|---|---|---|---|
| | | | അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള വിലരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതര വിഭാഗക്കാർ നടത്തി വരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണ വിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും, പുറത്താക്കുവാനും പഠനങ്ങൾ നടത്തുക തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് കിർത്താഡ്സ് വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം, പാരമ്പര്യ ജ്ഞാനം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക, ഗോത്ര ഉത്സവങ്ങൾ, ആരാധനാലയങ്ങൾ, ഭാഷകളുടെ സംരക്ഷണവും ഡോക്യുമെന്റേഷൻ തുടങ്ങിയവയും കിർത്താഡ്സിന്റെ പ്രവർത്തന മേഖലകളാണ്. |
| (ബി) | സി.എ. ജി. റിപ്പോർട്ട്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി, പട്ടികജാതി, ഗോത്രവർഗ്ഗ കമ്മീഷന്റെ ഉത്തരവ് തുടങ്ങിയവയിൽ കിർത്താഡ്സിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയുണ്ടായോ; | (ബി) | ഇല്ല. എന്നാൽ 01/04/2002 മുതൽ 30/06/2019 വരെയുള്ള കാലഘട്ടത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, ചില പദ്ധതികൾ നടപ്പിലാക്കിയതിലുള്ള വിശദീകരണം ആരാഞ്ഞിട്ടുണ്ട്. |
| (സി) | കിർത്താഡ്സിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ക്രമക്കേടും വീഴ്ച്ചയുമുണ്ടെന്നും സി.എ.ജി. റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായോ; | (സി) | ഇല്ല. എന്നാൽ 01/04/2002 മുതൽ 30/06/2019 വരെയുള്ള കാലഘട്ടത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, ചില പദ്ധതികൾ നടപ്പിലാക്കിയതിലുള്ള വിശദീകരണം ആരാഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്നു വ്യക്തമാക്കുമോ? | (ഡി) | 2002-2019 കാലഘട്ടത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിശദീകരണം സംബന്ധിച്ച മറുപടി അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ